# NEWS PAPER CUTTINGS ON 10.11.2023 IN KOZHIKODE RURAL

## MATHRUBHUMI DAILY

### Arrest of CPI Maoist cadre Aneesh babu - The NIA interrogated the Maoists who were in custody

# കസ്റ്റഡിയിലായ മാവോവാദികളെ എൻ.ഐ.എ. ചോദ്യംചെയ്തു

## ഹെലികോപ്റ്ററിൽ സംയുക്ത തിരച്ചിൽ

സ്വന്തം ലേഖകൻ
കല്പറ്റ

▶ പോലീസ് കസ്റ്റഡിയിൽവിട്ട മാവോവാദികളായ ചന്ദ്രുവിനെയും ഉണ്ണിമായയെയും എൻ.ഐ.എ. ചോദ്യംചെയ്തു. കൊച്ചിയിലെ എൻ.ഐ.എ. എസ്.പി.യുടെ നേതൃത്വത്തിൽ പുത്തൂർവയൽ എ.ആർ. ക്യാമ്പിലായിരുന്നു ചോദ്യംചെയ്യൽ. ഇവർക്കൊപ്പം ഏതൊക്കെ നേതാക്കളുണ്ട്, കേന്ദ്രകമ്മിറ്റി അംഗങ്ങളുണ്ടോ തുടങ്ങിയ കാര്യങ്ങളാണ് തേടിയത്.

തമിഴ്നാട് ക്യൂബ്രാഞ്ചും കർണാടക പോലീസും ഇരുവരെയും ചോദ്യംചെയ്തു. ആന്ധ്രയിൽനിന്നും തെലങ്കാനയിൽനിന്നുമുള്ള അന്വേഷണസംഘം അടുത്തദിവസം എത്തുമെന്നാണ് സൂചന. പ്രാദേശികസഹായം ലഭിച്ചിട്ടുണ്ടോ, എത്രപേരാണ് സംഘത്തിലുള്ളത്, വനത്തിനുള്ളിലെ കേന്ദ്രങ്ങൾ തുടങ്ങിയവ സംബന്ധിച്ച കേരള പോലീസിന്റെ ചോദ്യങ്ങൾക്കൊന്നും ഇരുവരും മറുപടി പറഞ്ഞില്ല. സംഘടനാ സംവിധാനം സംബന്ധിച്ച കാര്യങ്ങളും വെളിപ്പെടുത്തിയില്ല.

സംഘത്തിലെ മറ്റു മാവോവാദികൾക്കായി കേരള, കർണാടക പോലീസിന്റെ നേതൃത്വത്തിൽ വ്യാഴാഴ്ച സംയുക്തനീക്കം തുടങ്ങി. ഇരു സംസ്ഥാനങ്ങളിലെയും വനമേഖലകളിൽ ഹെലികോപ്റ്ററിൽ നിരീക്ഷണം നടത്തി. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ എസ്.പി.മാരുടെ നേതൃത്വത്തിൽ ഈ മൂന്നുജില്ലകളിൽ വരുന്ന വനമേഖലകളിൽ നിരീക്ഷണപ്പറക്കൽ നടത്തി.



▶ മാവോവാദി നിരീക്ഷണത്തിനായി എത്തിച്ച ഹെലികോപ്റ്റർ (ഫയൽച്ചിത്രം)

വയനാട്ടിൽനിന്ന് ജില്ലാ പോലീസ് മേധാവി പദംസിങ്ങിന്റെ നേതൃത്വത്തിൽ തലപ്പുഴമുതൽ ആറളംവരെയും തൊണ്ടർനാട് പടിഞ്ഞാറത്തറ ഭാഗങ്ങളിലും നിരീക്ഷണം നടത്തി. പേര്യയിലെ ഏറ്റുമുട്ടലിനുശേഷം മാവോവാദികൾ കർണാടകയിലേക്ക് കടന്നിട്ടുണ്ടോ എന്നറിയാൻ ഗോണിക്കുപ്പ, കുട്ട, മാക്കൂട്ടം ഭാഗങ്ങളിലായിരുന്നു കർണാടക പോലീസിന്റെ നിരീക്ഷണപ്പറക്കൽ. പശ്ചിമഘട്ടമലനിരകളിലെ കുന്നിൻചെരിവുകളും നിബിഡവനവും ഒരാൾപ്പൊക്കത്തിലെ അടിക്കാടുകളും ഹെലികോപ്റ്ററിലുള്ള നിരീക്ഷണം ദുഷ്കരമാക്കുന്നു.

കഴിഞ്ഞദിവസം പേര്യ ചപ്പാരം കോളനിയിലെത്തിയ അഞ്ചുപേരിൽ മൂന്നുപേരാണ് പോലീസ് വെടിവെപ്പിനെത്തുടർന്ന് വനത്തിലേക്ക് രക്ഷപ്പെട്ടത്. ഇതിലൊരാൾക്ക് കാലിന് പരിക്കേറ്റിട്ടുണ്ടെന്ന് സംശയിക്കുന്നു. തലപ്പുഴയ്ക്കും ആറളത്തിനുമിടയിലാണ് മാവോവാദികൾ തമ്പടിച്ചിരിക്കുന്നതെന്നാണ് സംശയിക്കുന്നത്.

സി.പി. മൊയ്തീന്റെ നേതൃത്വത്തിൽ 15 പേർ ഇവിടെയുണ്ടെന്നാണ് വിവരം. കർണാടക, തമിഴ്നാട്, തെലങ്കാന, ആന്ധ്ര പോലീസ് സേനകളുടെ നേതൃത്വത്തിൽ സംയുക്തനീക്കമാണ് നടത്തുന്നത്. പേര്യയിൽനിന്ന് ഓടിപ്പോയവർക്കായി തണ്ടർബോൾട്ട് എസ്.പി. ഷാഹുൽഹമീദിന്റെ നേതൃത്വത്തിൽ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

### Steps have been taken to install CCTV cameras at Vadakara

# വടകരയിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കാൻ നടപടിതുടങ്ങി

IMPACT

വടകര ▶ പട്ടണത്തിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനായി ജനപ്രതിനിധികളെയും വിവിധ സംഘടനാ പ്രതിനിധികളെയും പോലീസിനെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപവത്കരിച്ചു. കെ.കെ. രമ എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിലാണ് തീരുമാനം.




▶ വടകരയിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ വിളിച്ചുചേർത്ത യോഗത്തിൽ കെ.കെ. രമ എം.എൽ.എ. സംസാരിക്കുന്നു

വടകരയിലെ സന്നദ്ധസംഘടനകളും വ്യാപാരസംഘടനകളും യോജിച്ചാണ് ക്യാമറ പദ്ധതി നടപ്പാക്കുക. വടകരയിൽ മോഷണവും മറ്റു സമൂഹവിരുദ്ധപ്രവർത്തനങ്ങളും വർധിക്കുന്ന സാഹചര്യത്തിലാണ് എം.എൽ.എ. യോഗം വിളിച്ചത്.

സി.സി.ടി.വി. സ്ഥാപിക്കാൻ തീരുമാനമെടുത്ത് ഒരുവർഷമായിട്ടും നടപ്പാക്കാത്തതു സംബന്ധിച്ച് 'മാതൃഭൂമി' ഒരാഴ്ച മുമ്പ് വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇതിനുപിന്നാലെ താലൂക്ക് വികസന സമിതിയോഗത്തിലും ഇത് ചർച്ചയായി. ഈ യോഗത്തിലാണ് ഉടൻ യോഗം വിളിക്കുമെന്ന് എം.എൽ.എ. പ്രഖ്യാപിച്ചത്. യോഗത്തിൽ കെ.കെ. രമ എം.എൽ.എ അധ്യക്ഷത വഹിച്ചു.

വടകര തഹസിൽദാർ കല ഭാസ്കർ, വടകര ഇൻസ്പെക്ടർ പി.എം. മനോജ്, വി.കെ. അസീസ്, എ. പ്രേമകുമാരി, പ്രതീഷൻ, പി.പി. രാജൻ, പ്രശാന്ത് എന്നിവർ സംസാരിച്ചു.

കമ്മിറ്റി ഭാരവാഹികൾ: കെ.കെ. രമ എം.എൽ.എ. (ചെയ), കെ.പി. ബിന്ദു (വൈ. ചെയ), പി.എം. മനോജ് (ജന. കൺ), എം. അബ്ദുൽ സലാം (കോ-ഓർഡിനേറ്റർ).

**Two students died after their scooter fell into ditch (<u>Thiruvambady PS:</u> Cr No. 524/2023 U/s 304A, 338, 279 IPC)**

# സ്കൂട്ടർ കൊക്കയിലേക്ക് മറിഞ്ഞ് രണ്ടുവിദ്യാർഥികൾക്ക് ദാരുണാന്ത്യം

**തിരുവമ്പാടി** ▸ കക്കാടംപൊയിലിൽ വിനോദസഞ്ചാരത്തിനെത്തിയ കോളേജ് വിദ്യാർഥികൾ സഞ്ചരിച്ച സ്കൂട്ടർ കൂമ്പാറ ആനക്കല്ലുംപാറ വളവിൽ അമ്പതടിയോളം താഴ്ചയിലേക്കുമറിഞ്ഞ് രണ്ടുപേർക്ക് ദാരുണാന്ത്യം.

മലപ്പുറം വേങ്ങര ചേറൂർ മുതുവിൻകുണ്ട് മാത്താൻകോടൻ അബ്ദുസമദ്-ബുഷ്റ ദമ്പതിമാരുടെ മകൻ മുഹമ്മദ് അർഷാദ് (20), മലപ്പുറം കൊടശ്ശേരി എ.ആർ. നഗർ യാറത്തുംപടി അറസ്സൽപുറായ ഒളകര കുഞ്ഞീൻ-സുബൈദ ദമ്പതിമാരുടെ മകൻ മുഹമ്മദ് അസ്‌ലം (21) എന്നിവരാണ് മരിച്ചത്.

ഗുരുതരമായി പരിക്കേറ്റ മലപ്പുറം കൊണ്ടോട്ടി ആന്തിയൂർകുന്ന് പോരൻകണ്ടി താളിയേക്കര മുഹമ്മദ് ഡാനിയേൽ (21) മാമ്പറ്റ സ്വകാര്യ മെഡിക്കൽ കോളേജ് ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്. മലപ്പുറം കൊണ്ടോട്ടി ഇ.എം.ഇ.എ. കോളേജ് ബിരുദവിദ്യാർഥികളാണ് മൂവരും. വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് മൂന്നരയോടെയായിരുന്നു അപകടം. അർഷാദും അസ്‌ലമും സംഭവസ്ഥലത്തുതന്നെ മരിച്ചതായി ദൃക്സാക്ഷികൾ പറഞ്ഞു.



▶ മുഹമ്മദ് അർഷാദ്, മുഹമ്മദ് അസ്‌ലം

കാട് മൂടിക്കിടക്കുന്ന കൊക്കയുടെ താഴെയുള്ള തോട്ടിലേക്ക് പതിച്ച നിലയിലായിരുന്നു സ്കൂട്ടർ. പൊന്തക്കാട് വകഞ്ഞുമാറ്റി ഏറെ സാഹസികമായാണ് നാട്ടുകാർ മൂവരെയും റോഡിലെത്തിച്ചത്. മുഹമ്മദ് അർഷാദിന്റെ സഹോദരങ്ങൾ: ജഹാന ജബിൻ, ഫാത്തിമ ലുലു.

മുഹമ്മദ് അസ്‌ലമിന്റെ സഹോദരങ്ങൾ: മുജീബ്, ശിഹാബ്, ഹമീദ്, അഷറഫ്, ഹാജറ.



▶ അപകടത്തിനിടയാക്കിയ സ്കൂട്ടർ തോട്ടിലേക്ക് മറിഞ്ഞുകിടക്കുന്നു

തിരുവമ്പാടി പോലീസ് ഇൻക്വസ്റ്റ് നടത്തി.

**MALAYALA MANORAMA DAILY**

## Suspecting that Maoists had entered the Kannur forest area, the search intensified

# മാവോയിസ്റ്റുകൾ കണ്ണൂർ വനമേഖലയിലേക്ക് കടന്നതായി സംശയം; തിരച്ചിൽ ശക്തം

- ഹെലികോപ്റ്റർ, ഡ്രോൺ പരിശോധനയ്ക്കൊപ്പം പട്രോളിങ്ങും

മനോരമ ലേഖകൻ

കൽപറ്റ ● പേരിയ ചപ്പാരം കോളനിയിൽ വെടിവയ്പിനിടെ രക്ഷപ്പെട്ട 3 മാവോയിസ്റ്റുകൾ കണ്ണൂർ ജില്ലയിലെ വനമേഖയിലേക്കു കടന്നുവെന്ന നിഗമനത്തിൽ പൊലീസ്. തിരച്ചിൽ ഊർജിതമാക്കിയ അന്വേഷണസംഘം ഇന്നലെ ആറളം, കേളകം, പേരിയ പരിധിയിലെ വനമേഖലയിലും കർണാടക അതിർത്തിയിലും വ്യോമനിരീക്ഷണം നടത്തി.

കോഴിക്കോട് ജില്ലാ അതിർത്തിയിലും പരിശോധനയുണ്ടായിരുന്നു. ഹെലികോപ്റ്റർ, ഡ്രോൺ പരിശോധനയും തണ്ടർബോൾട്ട് സംഘത്തിന്റെ പട്രോളിങ്ങും ശക്തമാക്കിയിട്ടുണ്ട്. മാനന്തവാടി ഡിവൈഎസ്പി പി.എൽ. ഷൈജുവിനാണ് അന്വേഷണ ചുമതല.

കസ്റ്റഡിയിലുള്ള മാവോയിസ്റ്റുകളായ ചന്ദ്രു, ഉണ്ണിമായ എന്നിവരെ പുത്തൂർവയൽ സായുധ പൊലീസ് ക്യാംപിൽ ചോദ്യം ചെയ്യൽ ആരംഭിച്ചു. എൻഐഎ, സ്പെഷൽ ഓപ്പറേഷൻ ഗ്രൂപ്പ്, ഇന്റലിജൻസ് ബ്യൂറോ എന്നിവർക്കൊപ്പം കർണാടക–തമിഴ്നാട് സംസ്ഥാനങ്ങളിലെ നക്സൽ വിരുദ്ധ സേനയിലെ ഉന്നതരും എത്തിയിട്ടുണ്ട്.

മാവോയിസ്റ്റുകളുമായി വെടിവയ്പ് നടന്ന ചപ്പാരം കോളനിയിലെ അനീഷിന്റെ വീട്ടിൽ ബാലിസ്റ്റിക്, ഫൊറൻസിക്, സയന്റിഫിക് ഉദ്യോഗസ്ഥരുടെ പരിശോധന നടത്തി. പ്രദേശത്ത് പൊലീസ് കാവലും നിരീക്ഷണവും തുടരുന്നു.

കഴിഞ്ഞ ദിവസം പിടിയിലായ മാവോയിസ്റ്റുകളുടെ 'കുറിയർ' ആയി പ്രവർത്തിക്കുന്ന തമിഴ്നാട് സ്വദേശി തമ്പി എന്ന അനീഷ് ബാബുവിനെ ആറു ദിവസത്തേക്കു കോടതി പൊലീസ് കസ്റ്റഡിയിൽ വിട്ടു. കക്കയം, കൂരാച്ചുണ്ട്, കാറ്റുള്ളമല, കൊയിലാണ്ടി ഭാഗങ്ങളിൽ ഇന്ന് ഇയാളുമായി തെളിവെടുപ്പ് നടത്തും.

**Two students died after their scooter fell into ditch (Thiruvambady PS: Cr No. 524/2023 U/s 304A, 338, 279 IPC)**

# സ്കൂട്ടർ താഴ്ചയിലേക്ക് മറിഞ്ഞ് രണ്ട് വിദ്യാർഥികൾ മരിച്ചു

കൂടരഞ്ഞി ● നിയന്ത്രണം വിട്ട സ്കൂട്ടർ 50 അടി താഴ്ചയിലേക്ക് മറിഞ്ഞു 2 വിദ്യാർഥികൾ മരിച്ചു.

കൊണ്ടോട്ടി ഇഎംഇഎ കോളജ് വിദ്യാർഥികളായ മലപ്പുറം എആർ നഗർ യാറത്തുംപടി അറക്കൽപുറായ കൊടശ്ശേരി വീട്ടിൽ കുഞ്ഞീന്റെയും സുബൈദയുടെയും മകൻ മുഹമ്മദ് അസ്‌ലം (21), വേങ്ങര ചേറൂർ നാത്താംകോടൻ അബ്ദുസ്സമദിന്റെയും ബുഷ്റുടെയും മകൻ മുഹമ്മദ് അർഷദ് (21) എന്നിവരാണു മരിച്ചത്.

ഇവർക്കൊപ്പമുണ്ടായിരുന്ന സുഹൃത്ത് മുഹമ്മദ് ദാനിയേൽ പരുക്കേറ്റ് ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്.



മുഹമ്മദ് അർഷദ്, മുഹമ്മദ് അസ്‌ലം

മുഹമ്മദ് അസ്‌ലം ബി-വോക് ലോജിസ്റ്റിക് വിദ്യാർഥിയും മുഹമ്മദ് അർഷദ് ബികോം വിദ്യാർഥിയുമാണ്.

കോളജ് അവധിയായതിനാൽ കൂട്ടുകാർക്കൊപ്പം ഇരുചക്രവാഹനങ്ങളിൽ ബുധനാഴ്ച വൈകിട്ട് കക്കാടംപൊയിലിലേക്കു വിനോദ യാത്ര പോയതായിരുന്നു ഇവർ.

തിരികെ വരുമ്പോൾ കൂമ്പാറയ്ക്കു സമീപം ആനക്കല്ലുംപാറ വളവിൽ വച്ചായിരുന്നു അപകടം. കുത്തനെ ഇറക്കവും വളവും ഉള്ള ഭാഗത്ത് നിയന്ത്രണം സ്കൂട്ടർ താഴ്ചയിലേക്ക് മറിയുകയായിരുന്നു.

മുഹമ്മദ് അർഷദിന്റെ സഹോദരങ്ങൾ: ജഹാന ജെബിൻ, ഫാത്തിമ ലുലു. കബറടക്കം ഇന്ന് രണ്ടിനു ചേറൂർ മുതുവിൽകുണ്ട് ദാറുസ്സലാം ജുമാ മസ്ജിദിൽ നടക്കും.

മുഹമ്മദ് അസ്‌ലമിന്റെ സഹോദരങ്ങൾ: മുജീബ്, ശിഹാബ്, ഹമീദ്, അഷ്റഫ്, ഹാജറ.